(ബി) ഏതെല്ലാം വർക്കുകൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

കോടിമത-ചേർത്തല ആറുവരി പാതയുടെ നിർമ്മാണം

56 (1995) ശ്രീമതി മേഴ്സിരവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കോടിമത നിന്നും ചേർത്തല വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടം വരെയെത്തിയിട്ടുണ്ട് ;

(ബി) പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുള്ളശ്ശേരി റോഡുകളുടെ നിർമ്മാണം

57 (1996) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി ബൈപ്പാസ്, പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് എന്നീ വർക്കുകൾ എന്നത്തേക്ക് പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് വർക്കുകളും ഉടൻ ആരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഈ വർഷം തന്നെ പണികൾ തുടങ്ങുന്നതിന് നടപടിയാരംഭിക്കുന്നതാണ്.

എം. എൽ. എ. റോഡ് പൂർത്തീകരിക്കാൻ അനുമതി

58 (1997) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988-ൽ ആരംഭിച്ച മാങ്കാവ്-കോട്ടൂളി സിവിൽ സ്റ്റേഷൻ എം.എൽ.എ. റോഡ് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ മാവൂർ റോഡ്-കോട്ടൂളി ഭാഗത്തെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

† അനുബന്ധം -II

LIBRARY ARCHIVES Kerala Legislative Assembly